(12) തൃശ്ശൂർ കോൾനില പ്രദേശത്തെ വെള്ളക്കെട്ട്

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, തൃശ്ശൂർ ജില്ലയിൽ 30,000 ഏക്കർ വരുന്ന കോൾ കാർഷികമേഖലയിൽ വെള്ളക്കെട്ടുകൊണ്ട് അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. മഴ അല്പം കുറഞ്ഞുവെങ്കിലും എന്റെ നിയോജകമണ്ഡലത്തിലെ മണലൂർ, വെങ്കിടങ്ങ്, അന്തിക്കാട്, അരിമ്പൂർ പഞ്ചായത്തുകളിൽ അറുപതോളം വീടുകളിൽനിന്നും ആളുകളെ മാറ്റി സ്കൂളുകളിൽ താമസിപ്പിച്ചിരിക്കുകയായിരുന്നു. ഈ രണ്ട് ദിവസമായിട്ടാണ് അവർ ഒഴിഞ്ഞുപോയത്. ലക്ഷക്കണക്കിന് രൂപയുടെ കൃഷിനാശം സംഭവിച്ച് കർഷകർ വട്ടംതിരിയുന്ന ഒരു സാഹചര്യമുണ്ട്. കാലാകാലങ്ങളിൽ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കേണ്ട ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യൽ, ബണ്ടുകൾ ശക്തിപ്പെടുത്തൽ, ചാലുകൾക്ക് ആഴംകൂട്ടൽ തുടങ്ങിയവ ഈ വർഷം നടത്താതിരുന്നതിനാലാണ് ഇത്തരം ഗുരുതരമായ വെള്ളപ്പൊക്കം ഉണ്ടായത്. ചേറ്റുവ കടലോരത്തുനിന്നും ആറേഴു കിലോമീറ്റർ മാത്രം അടുത്തുകിടക്കുന്ന എന്റെ മണ്ഡലത്തിന്റെ പ്രത്യേകത സമുദ്രതീരത്തെക്കാൾ താഴ്ന്ന പ്രദേശമാണ് എന്നുള്ളതാണ്.. മഴവെള്ളം ഒഴുകിപ്പോകുന്നതിനും കടൽവെള്ളം കടന്നുകയറി കൃഷി നശിച്ചുപോകാതിരിക്കുന്നതിനുംവേണ്ടി നിർമ്മിച്ച ഇടിയംചിറയുടെ 33 ഷട്ടറുകൾ കേടുപാട് തീർക്കാൻ പറ്റാതെ പൂർണ്ണമായി ചോർന്നൊലിക്കുകയാണ്. അതുപോലെതന്നെ ഏനാമാവ് റഗുലേറ്ററിന്റെ ചോർച്ച എല്ലാവർഷവും ലക്ഷക്കണക്കിന് രൂപ ചെലവുചെയ്ത് മണ്ണുകൊണ്ട് റിംഗ് ബണ്ട് കെട്ടിയാണ് തടയുന്നത്. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെയധികം താൽപ്പര്യം എടുത്തുവെന്നുള്ളത് ഞാൻ നന്ദിപൂർവ്വം ഓർമ്മിക്കുകയാണ്, പക്ഷേ, ഉദ്ദേശിച്ച കാര്യം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ഈ വർക്കുകൾക്കെല്ലാം അടിയന്തിരമായി എ.എസ്. കൊടുത്ത് ടെണ്ടർ ചെയ്ത് പണിനടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ബഹുമാനപ്പെട്ട എം. കെ. പോൾസൺ മാസ്റ്റർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കോൾനിലങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചാണ് പറഞ്ഞത്. താത്പര്യം എടുക്കാത്തതിന്റെയല്ല, സാമ്പത്തികപരിമിതിയാണ് പ്രധാനപ്പെട്ട പ്രശ്നം. എന്നാൽപ്പോലും കനാലുകളിലെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സാമ്പത്തികവർഷം 66.605 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. പക്ഷേ, ബുദ്ധിമുട്ടുവരുന്ന ആ കോൾനിലങ്ങളിൽ 5.436 കോടി രൂപ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കടം ഉണ്ട്. അതിന്റെ സാമ്പത്തികപ്രയാസമാണ് നിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാലും ചാലുകളിലെ ചണ്ടിയും കുളവാഴയും യഥാസമയം നീക്കുന്നതിനും കനാലുകളുടെയും റഗുലേറ്ററുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സാമ്പത്തികപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ലഭ്യമായ പണമുപയോഗിച്ച് പരമാവധി ഗവൺമെന്റ് ചെയ്യുന്നതാണ്.

(13) ചവളക്കാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, കേരളത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ചവള സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് ഈ സഭയുടെ ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരേണ്ട ഒരു കാര്യമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഹിന്ദു ന്യൂനപക്ഷ സമുദായത്തിലെ ഏറ്റവും അവശതയനുഭവിക്കുന്ന വിഭാഗമാണ് ചവളക്കാർ. തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, തിരുവനന്തപുരം എന്നീ 5 ജില്ലകളിലാണ് ഈ സമുദായക്കാർ ഭൂരിപക്ഷവും അധിവസിക്കുന്നത്. മലയോര-കടലോര-ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലാണ് ഈ സമുദായക്കാർ താമസിക്കുന്നത്. കാർഷികജോലിയാണ് അവരുടെ കുലത്തൊഴിൽ. ഇപ്പോൾ ഇവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് ഈ സമുദായത്തിന്റെ അവസ്ഥ വളരെ പിന്നോക്കമാണ്. 1968-ൽ ഈ സമുദായത്തിൽനിന്നും എസ്.എസ്.എൽ.സി. വിജയിച്ചവരുടെ എണ്ണം ഒന്നായിരുന്നു. ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ ആരുംതന്നെയുണ്ടായിരുന്നില്ല. മൂന്നര പതിറ്റാണ്ടിനുശേഷം ഇന്നത്തെ അവസ്ഥയും വളരെ വ്യത്യസ്തമല്ല. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ സമുദായത്തിന്റെ ശാപമാണ്. ദരിദ്രനാരായണന്മാരായ സമുദായാംഗങ്ങളുടെ മക്കൾ കഷ്ടപ്പെട്ടു പഠിച്ച് വിജയിച്ചാലും തൊഴിൽ രംഗത്ത് അവഗണിക്കപ്പെടുന്നു. അയിത്തവും അനാചാരങ്ങളുമായിരുന്നു സമുദായത്തെ എക്കാലത്തും ക്രൂരമായി നേരിട്ടിരുന്നതെങ്കിൽ ഇന്ന് സാമൂഹ്യ-തൊഴിൽ-രാഷ്ട്രീയ രംഗത്ത് എത്തപ്പെടാനാകാത്തതിലൂടെ ആ അയിത്തവും മറ്റൊരു രൂപത്തിൽ പുനരാവിഷ്കരിക്കുകയാണ്. സമുദായങ്ങളെ നേരിട്ട് അറിയുകയും അവരുടെ അവശതകളും ദുരിതങ്ങളും മനസ്സിലാക്കുകയും ചെയ്ത പനമ്പള്ളി ഗോവിന്ദമേനോൻ നിയമവകുപ്പുമന്ത്രിയായിരിക്കെ 1968-ൽ ചവള സമുദായത്തെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുന്നതിന് പാർലമെന്റിൽ പട്ടികജാതി പട്ടികവർഗ്ഗ ഭേദഗതി നിയമം അവതരിപ്പിച്ചു. ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചുവെങ്കിലും നിയമമായില്ല. പനമ്പള്ളിയുടെ അകാലനിര്യാണംമൂലം ഇതിന്റെ തുടർനടപടികൾ നടത്താൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. പിന്നീട് ശ്രീ. കെ. കരുണാകരൻ 1979-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷനിലൂടെ ഈ സമുദായത്തെ പട്ടികജാതിയിലുൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ അതും

LIBRARY ARCHIVES Kerala Legislative Assembly